# ഖുർആൻ ബോധനം

എ.വൈ.ആർ

**624**

സൂറ-14

# ഇബ്റാഹീം

أَلَمْ تَرَ كَيْفَ ضَرَبَ ٱللَّهُ مَثَلًا كَلِمَةً طَيِّبَةً
كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِى ٱلسَّمَآءِ ﴿٢٤﴾
تُؤْتِىٓ أُكُلَهَا كُلَّ حِينٍۭ بِإِذْنِ رَبِّهَا ۗ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ
يَتَذَكَّرُونَ ﴿٢٥﴾
وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ ٱجْتُثَّتْ مِن فَوْقِ ٱلْأَرْضِ مَا لَهَا مِن
قَرَارٍ ﴿٢٦﴾
يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا
وَفِى ٱلْـَٔاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّٰلِمِينَ ۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ ﴿٢٧﴾

**24** സദ്‌വചനത്തെ അല്ലാഹു എങ്ങനെ ഉദാഹരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലെയോ? മണ്ണിൽ ആണ്ടിറങ്ങിയ വേരുകളും മാനത്തു പടർന്ന് പന്തലിച്ച ശാഖകളുമുള്ള വിശിഷ്ട വൃക്ഷം പോലെയാണത്.

**25** എല്ലാ കാലത്തും അതിന്റെ വിധാതാവിന്റെ ആജ്ഞാനുസാരം ഫലം നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യർ പാഠം ഉൾക്കൊള്ളേണ്ടതിനാണ് അല്ലാഹു ഇത്തരം ഉദാഹരണങ്ങളവതരിപ്പിക്കുന്നത്.

**26** ക്ഷുദ്ര വചനത്തിന്റെ ഉദാഹരണം, ഭൂമിയുടെ ഉപരിതലത്തിൽനിന്ന് പിഴുതെറിയപ്പെടുന്ന ക്ഷുദ്രവൃക്ഷത്തിന്റേതാകുന്നു. അതിന് യാതൊരു നിലനിൽപുമില്ല.

**27** സത്യവും ധർമവും കൈക്കൊള്ളുന്നവരെ അല്ലാഹു സുസ്ഥിര വചനത്താൽ ഭൗതിക ജീവിതത്തിലും പരലോകത്തും ഉറപ്പിച്ചു നിർത്തുന്നു. ധർമധിക്കാരികളെയാണ് അവൻ വഴിതെറ്റിക്കുന്നത്. അല്ലാഹു അവനിഛിക്കുന്നത് പ്രവർത്തിക്കുന്നു.

أَلَمْ تَرَ= നീ കണ്ടില്ലെയോ كَيْفَ ضَرَبَ ٱللَّهُ مَثَلًا= എങ്ങനെ ഉദാഹരിച്ചിരിക്കുന്നുവെന്ന് كَلِمَةً طَيِّبَةً= നല്ല(സദ്)വചനത്തെ
كَشَجَرَةٍ طَيِّبَةٍ= ഒരു വിശിഷ്ട വൃക്ഷം പോലെ أَصْلُهَا= അതിന്റെ മൂലം(വേരുകളും) ثَابِتٌ= സ്ഥിരമായത്(മണ്ണിൽ ആണ്ടിറങ്ങിയ)
وَفَرْعُهَا= അതിന്റെ ശാഖകളും فِى ٱلسَّمَآءِ= മാനത്ത്(പടർന്നു പന്തലിച്ച) تُؤْتِىٓ= അതു നൽകുന്നു أُكُلَهَا= അതിന്റെ ഭോജ്യം(ഫലം)
كُلَّ حِينٍۭ= എല്ലാ ഓരോ കാലത്തും بِإِذْنِ رَبِّهَا= അതിന്റെ വിധാതാവിന്റെ ഹിതാനുസാരം, ആജ്ഞാനുസാരം
وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ= അല്ലാഹു(ഇത്തരം)ഉദാഹരണങ്ങൾ ഉദാഹരിക്കുന്നു(അവതരിപ്പിക്കുന്നത്) لِلنَّاسِ= മനുഷ്യർക്ക്
لَعَلَّهُمْ يَتَذَكَّرُونَ= അവർ ഉൽബുദ്ധരായെങ്കിലോ (മനുഷ്യർ പാഠം പഠിക്കേണ്ടതിനാണ്)
وَمَثَلُ كَلِمَةٍ خَبِيثَةٍ= മ്ലേഛമായ, ക്ഷുദ്രമായ വചനത്തിന്റെ ഉദാഹരണം كَشَجَرَةٍ خَبِيثَةٍ= ഒരു ക്ഷുദ്രവൃക്ഷം പോലെ
ٱجْتُثَّتْ= അതു പിഴുതെറിയപ്പെട്ടു(പ്പെടുന്ന) مِن فَوْقِ ٱلْأَرْضِ= ഭൂമിയുടെ ഉപരിതലത്തിൽനിന്ന് مَا لَهَا= അതിന് ഇല്ല
مِن قَرَارٍ= യാതൊരു നിലനിൽപും, അടിയുറപ്പും يُثَبِّتُ ٱللَّهُ= അല്ലാഹു ഉറപ്പിച്ചു നിർത്തുന്നു, സ്ഥൈര്യം പ്രദാനം ചെയ്യുന്നു
ٱلَّذِينَ ءَامَنُوا۟= വിശ്വാസികളായവരെ(സത്യവും ധർമവും കൈക്കൊള്ളുന്നവരെ) بِٱلْقَوْلِ ٱلثَّابِتِ= സുസ്ഥിര വചനത്താൽ

فِى ٱلْحَيَوٰةِ ٱلدُّنْيَا= ഭൗതിക ജീവിതത്തിൽ وَفِى ٱلْـَٔاخِرَةِ= പരലോകത്തും
وَيُضِلُّ ٱللَّهُ= അല്ലാഹു വഴിതെറ്റിക്കുന്നു(ന്നത്) ٱلظَّٰلِمِينَ= ധർമധിക്കാരികളെ, അക്രമികളെയാണ്
وَيَفْعَلُ ٱللَّهُ= അല്ലാഹു പ്രവർത്തിക്കുന്നു(അല്ലാഹുവിന് പ്രവർത്തിക്കാൻ അധികാരമുണ്ട്) مَا يَشَآءُ= അവൻ ഇഛരിക്കുന്നത്

**24,25:** മുൻ സൂക്തങ്ങളിൽ ബഹുദൈവ വിശ്വാസത്തിലും ദൈവ നിഷേധത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങളെ ഉദാഹരിച്ചിരുന്നുവല്ലോ. ഇനി ഏതാനും സൂക്തങ്ങളിൽ ബഹുദൈവത്വപരവും നാസ്തികവുമായ വിശ്വാസാദർശങ്ങളെയും ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ വിശ്വാസാദർശങ്ങളെയും ഉദാഹരിക്കുകയാണ്. ബുദ്ധിയിലോ പ്രകൃതിയിലോ ദൈവിക പ്രമാണത്തിലോ ബഹുദൈവവിശ്വാസത്തിനും ദൈവനിഷേധത്തിനും യാതൊരു ആധാരവുമില്ലെന്നും അതിനാൽ അത്തരം വിശ്വാസങ്ങളുടെ പേരിലുള്ള കർമങ്ങളെല്ലാം നിഷ്ഫലമാണെന്നും വ്യക്തമാക്കുകയാണതുവഴി. ഒപ്പം ബുദ്ധിയും പ്രകൃതിയും അല്ലാഹുവും അനുശാസിക്കുന്നത് ഏകദൈവ വിശ്വാസമാണെന്നും ഭൂമിയുടെ അഗാധതകളിലേക്ക് വേരുകളാഴ്ത്തി ആകാശത്തിന്റെ അനന്തതകളിൽ ശാഖകൾ പരത്തി നിൽക്കുന്ന ഫലവൃക്ഷം പോലെയാണതെന്നും ചൂണ്ടിക്കാണിക്കുന്നു.

ഇവിടെ كَلِمَةً കൊണ്ടുദ്ദേശ്യം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമതുത്തൗഹീദും അതിന്റെ അനുബന്ധങ്ങളും അനിവാര്യതകളുമായി വരുന്ന സിദ്ധാന്തങ്ങളുമാണ്. ഭൗതികവും ധാർമികവുമായ എല്ലാ അർഥങ്ങളിലും ഗുണകരവും സംശുദ്ധവുമായതാണ് طَيِّبَةً. സത്യമായിരിക്കുന്നതോടൊപ്പം സ്വീകരിക്കുന്നവരുടെ ജീവിതത്തിൽ നന്മകളും നേട്ടങ്ങളും ഉളവാക്കുന്നത് കൂടി ആയിരിക്കുമ്പോഴാണ് സിദ്ധാന്തങ്ങളും തത്ത്വശാസ്ത്രങ്ങളും طَيِّبَةً ആകുന്നത്. സദ്വചനത്തിന്റെ ഉപമാനമായ വൃക്ഷത്തിന് നാലു ഗുണങ്ങൾ പറഞ്ഞിരിക്കുന്നു. ഒന്ന്, طيب -ഭൗതികമായും ധാർമികമായും സംശുദ്ധവും പ്രയോജനകരവുമായത്. രണ്ട്, മണ്ണിൽ വേരാഴ്ത്തി സുസ്ഥിരമായി നിൽക്കുന്നത് - ثابت. അത് പെട്ടെന്ന് വീണുപോകുന്നതോ, ആർക്കെങ്കിലും കടപുഴക്കാവുന്നതോ അല്ല. മൂന്ന്, അതിന്റെ കൊമ്പുകൾ മാനംമുട്ടെ പടർന്നു പന്തലിച്ചു നിൽക്കുന്നു. പാന്ഥർക്ക് തണലേകുന്നു. കാഴ്ചക്കാരെ ആഹ്ലാദിപ്പിക്കുന്നു. നാല്, എല്ലാ കാലത്തും അതിൽ ഫലങ്ങളുണ്ടാകുന്നു. كُلَّ حِينٍ എന്നാണ് മൂലവാക്യം. കാലം, ഋതു, സീസൺ എന്നീ അർഥങ്ങളിലെല്ലാം حِينٍ ഉപയോഗിക്കും. ഒരു യുഗവും حِينٍ ആണ്. ഒരു നിമിഷാർധവും حِينٍ ആണ് എന്നത്രെ അറബി ഭാഷാ പ്രയോഗങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ചില പണ്ഡിതന്മാർ حِينٍ നെ ഏഴുമാസം, രണ്ടുമാസം എന്നൊക്കെ നിർവചിച്ചിട്ടുണ്ട്. എങ്കിലും നിത്യ ഫലദായിനിയായ വൃക്ഷം എന്ന അർഥത്തിലാണ് تُؤْتِىٓ أُكُلَهَا كُلَّ حِينٍۭ എന്ന വാക്യത്തെ അധിക പണ്ഡിതന്മാരും മനസ്സിലാക്കിയിട്ടുള്ളത്. സദ്വൃക്ഷം കൊണ്ടുദ്ദേശ്യം ഈത്തപ്പനയാണെന്ന് കരുതപ്പെടുന്നുണ്ട്. ഒരു നബിവചനത്തിൽ മുസ്‌ലിമിനെ ഈത്തപ്പനയോടു ഉപമിച്ചിട്ടുള്ളതാണതിനാധാരം. അതായത്, തടിയും ഓലയും തണ്ടും കായ്ഫലവും നാരും എല്ലാം മനുഷ്യർക്ക് പ്രയോജനപ്പെടുന്ന ഈത്തപ്പനപോലെ ഒരു മുസ്‌ലിമിന്റെ വാക്കും പ്രവൃത്തിയും ചിന്തയും ശരീരവും സാന്നിധ്യവുമെല്ലാം എല്ലാവർക്കും പ്രയോജനപ്പെടുന്നതാണ്. കേരവൃക്ഷമാണെന്നും അഭിപ്രായമുണ്ട്. എല്ലാ സീസണിലും ഫലം തരുന്നത് തെങ്ങാണെന്നാണവരുടെ ന്യായം. നല്ല തടിയുറപ്പോടെ വളരെക്കാലം പടർന്നു പന്തലിച്ചുനിന്ന് നല്ല ഫലം തരുന്ന ഏതു വൃക്ഷവുമാകാം ഉദ്ദേശ്യമെന്ന അഭിപ്രായമാണ് കൂടുതൽ ശരിയായി തോന്നുന്നത്. അത്തരം പല വൃക്ഷങ്ങളും ഭൂമിയിലുണ്ട്. ഈത്തപ്പന മാത്രമാണ് ഉദ്ദേശ്യമെങ്കിൽ അതു വ്യക്തമായി ത്തന്നെ പറയുമായിരുന്നു. ഖുർആൻ ഈത്തപ്പനയെ പലേടത്തും പരാമർശിച്ചിട്ടുള്ളതാണല്ലോ. അതുപോലെ ക്ഷുദ്ര വൃക്ഷം (شَجَرَةٍ خَبِيثَةٍ) ആട്ടങ്ങയാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കയ്പേറിയ വിഷക്കനിയാണ് അതു വിളയിക്കുന്നത്. പക്ഷേ, ആട്ടങ്ങ(കാട്ടുവെള്ളരി) ഒരു വള്ളിച്ചെടിയാണെന്നാണറിവ്. ക്ഷുദ്രവൃക്ഷം കൊണ്ടുദ്ദേശ്യം ഏതെങ്കിലും പ്രത്യേക വൃക്ഷ വർഗമല്ല; സ്ഥിരമായ നിലനിൽപ്പോ മനുഷ്യർക്ക് പ്രയോജനമോ ഇല്ലാത്ത ഏതു വൃക്ഷവും അതിന്റെ വിവക്ഷയിൽ പെടുന്നുവെന്ന വീക്ഷണമാണ് ഏറെ സ്വീകാര്യമായി തോന്നുന്നത്. അത്തരം ചില വൃക്ഷങ്ങൾ എല്ലാ വർഗത്തിലും ഉണ്ടാവാം. അല്ലാഹു മ്ലേഛവും നിഷ്പ്രയോജനവുമായി ഒരു വൃക്ഷവർഗവും സൃഷ്ടിച്ചിട്ടില്ല. എല്ലാ വൃക്ഷലതാദികൾക്കും ചില ഗുണങ്ങളും ധർമങ്ങളുമുണ്ട്. മനുഷ്യൻ അതു കണ്ടറിഞ്ഞ് അതിനെ സമീപിക്കുമ്പോൾ നല്ലതും പ്രയോജനകരവുമാകുന്നു. വിശിഷ്ട വൃക്ഷങ്ങളായ ഈത്തപ്പനയിൽനിന്നും തെങ്ങിൽനിന്നും തന്നെ മനുഷ്യൻ ഭൗതികമായും ധാർമികമായും ഏറ്റം മോശപ്പെട്ട മദ്യവും ഉൽപാദിപ്പിക്കുന്നു. അതു തെങ്ങിന്റെയോ ഈത്തപ്പനയുടെയോ കുറ്റമല്ല; മനുഷ്യന്റെ കുറ്റമാണ്. ഏറ്റം മോശപ്പെട്ട ഫലങ്ങളായി ഗണിക്കപ്പെടുന്ന ആട്ടങ്ങയിലും കാഞ്ഞിരക്കുരുവിലും ഔഷധ ഗുണങ്ങളുള്ളതായി ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

സൂക്തങ്ങളുടെ സാരമിതാണ്: വിശിഷ്ടമായ ഒരു മഹാവൃക്ഷം പോലെയാണ് ഇസ്‌ലാമിക ആദർശം. ഈ ആദർശ വൃക്ഷത്തിന് മനുഷ്യന്റെ ബുദ്ധിയിലും പ്രകൃതിയിലും അഗാധമായ വേരുകളുണ്ട്. മിഥ്യയുടെയും പൈശാചിക ശക്തികളുടെയും എതിർപ്പുകൾക്കോ മർദന പീഡനങ്ങൾക്കോ അതിനെ കടപുഴക്കാനാവില്ല. അതിന്റെ ശാഖകൾ ആധ്യാത്മീയതയുടെ അനന്തവിഹായസ്സിൽ പടർന്നു കിടക്കുന്നു. അതിന്റെ പ്രയോജനമോ പ്രായോഗികതയോ ഒരിക്കലും അവസാനിക്കുന്നില്ല. എല്ലാ കാലഘട്ടത്തിലും ആ കാലഘട്ടത്തിനാവശ്യവും പ്രായോഗികവുമായ ആശയ ഫലങ്ങൾ അതു നൽകിക്കൊണ്ടിരിക്കും. മണ്ണിനെയും വിണ്ണിനെയും, ആത്മീയതയെയും ഭൗതികതയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബലിഷ്ഠപാശമാണത്.

എക്കാലത്തും എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത സദ്വചനമാണ് തൗഹീദ്. ഇന്നും ഭേദഗതിക്കതീതമായി അത് അടിയുറപ്പോടെ നിലനിൽക്കുന്നു. അതിനെ എതിർക്കുന്നവർ പോലും മൗലികമായി അതിനെ അംഗീകരിക്കേണ്ടി വരുന്നു. സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ഭൗതികാശ

യങ്ങളും ഉയിർത്തെഴുന്നേൽപ് വിചാരണ തുടങ്ങിയ അതിഭൗതികാശയങ്ങളും അതിന്റെ ഫലങ്ങളാണ്. തൗഹീദാണ് മനുഷ്യന് ധാർമിക-നൈതിക മൂല്യങ്ങൾ പ്രദാനം ചെയ്തത്. ചരിത്രാതീതകാലത്തെന്നപോലെ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ദൈവിക സദ്വചനം മനുഷ്യർക്ക് സത്യത്തിന്റെ വെളിച്ചം കാട്ടുകയും ശാന്തിയുടെയും സമാധാനത്തിന്റെയും തണൽ വിരിക്കുകയും ചെയ്യുന്നു. ഏകദൈവത്വം പലപ്പോഴും നിഷേധിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ വാഹകർ അക്രമിക്കപ്പെട്ടിട്ടുമുണ്ട്. പക്ഷേ, ആ ആദർശം ഒരിക്കലും ഖണ്ഡിക്കപ്പെട്ടിട്ടില്ല. തിരസ്കരിക്കപ്പെട്ടിട്ടുമില്ല. ചില മതങ്ങളിൽ ദൈവം പിന്തള്ളപ്പെടുകയും ദൈവദൂതന്മാർ ദൈവങ്ങളായി അവരോധിക്കപ്പെടുകയും ചെയ്തെങ്കിലും തൗഹീദിനെ പൂർണമായി തള്ളിപ്പറയാൻ അവർക്കായില്ല. തൗഹീദ് ഉയർത്തിപ്പിടിച്ച വലിയൊരു വിഭാഗം എന്നും മറുവശത്തുണ്ടായിരുന്നു. ഇന്നും രാഷ്ട്രീയ രംഗത്ത് സാമ്രാജ്യത്വത്തിനെതിരായാലും സാമ്പത്തിക രംഗത്ത് മുതലാളിത്തത്തിനും പലിശ വ്യവസ്ഥിതിക്കും എതിരായാലും ധാർമിക രംഗത്ത് ലൈംഗികാരാജകത്വത്തിനെതിരായാലും ഏറെ ഉയർന്നു കേൾക്കുന്ന ശബ്ദം ഇസ്‌ലാമിന്റേതാണ്. ദൈവിക സദ്വചനം ആധുനിക കാലത്തിന് നൽകിക്കൊണ്ടിരിക്കുന്ന ഫലങ്ങളാണത്. അത് എത്രത്തോളം വിലമതിക്കപ്പെടുന്നുവെന്നത് മനുഷ്യർ ആ വചനത്തെ എങ്ങനെ കേൾക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു.

അല്ലാഹു മനുഷ്യർക്ക് നൽകാനുദ്ദേശിക്കുന്നത് എത്ര വലിയ ഔദാര്യങ്ങളും ഔന്നത്യങ്ങളുമാണെന്ന് അവർ ചിന്തിച്ചു മനസിലാക്കുന്നതിനും അത് ആർജിക്കാൻ പരിശ്രമിക്കുന്നതിനും വേണ്ടിയാണ് ഖുർആൻ ഇത്തരം ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നത്. പക്ഷേ, മനുഷ്യർ അതെല്ലാം അവഗണിച്ച് ചെകുത്താൻ എറിഞ്ഞുകൊടുക്കുന്ന ജീർണ ജഢങ്ങൾ തന്നെ വാരിപ്പുണരുകയാണ്. ഇതാണ് يَضْرِبُ ٱللَّهُ.........يَتَذَكَّرُونَ എന്ന വാക്യത്തിന്റെ താൽപര്യം.

**26:** كَلِمَةٍ خَبِيثَةٍ കൊണ്ട് വിവക്ഷ ബഹുദൈവവാദവും മറ്റ് കേവല ഭൗതിക-നാസ്തിക-ജാഹിലിയ്യാ തത്ത്വശാസ്ത്രങ്ങളുമാണ്. അതിനെ ഉപമിക്കുന്ന വൃക്ഷത്തിനു രണ്ടു വിശേഷണങ്ങൾ പറഞ്ഞിരിക്കുന്നു. ഒന്ന് خبيث. ക്ഷുദ്രവും മലിനവും ഹീനവുമായതാണ് خبيث. അതായത്, അത് സൽഫലം വിളയിക്കുന്നില്ല. ശാഖകൾ കൊണ്ടും ഇലകൾ കൊണ്ടും തണൽ വിരിക്കുന്നില്ല. തടിക്ക് ഉറപ്പുമില്ല. കൂർത്ത മുള്ളുകളുണ്ട്. അതിന്റെ പൊത്തുകളിലും പോടുകളിലും സർപ്പങ്ങൾ വാസമുറപ്പിച്ചിരിക്കുന്നു. അതിന്റെ സാമീപ്യം പേടിപ്പെടുത്തുന്ന കാഴ്ചയും അരോചകമായ ഗന്ധവുമാണ് നൽകുന്നത്. മണ്ണിൽനിന്ന് എളുപ്പം പിഴുതെടുക്കപ്പെടാവുന്നത് -ٱجْتُثَّتْ مِن فَوْقِ ٱلْأَرْضِ- എന്നതാണ് രണ്ടാമത്തെ വിശേഷണം. ഒരു നല്ല കാറ്റടിച്ചാൽ, ആരെങ്കിലും ഒന്നു തള്ളിയാൽ വീണു പോകും. തള്ളിത്താഴെയിടാൻ ശക്തിയും സന്നദ്ധതയുമുള്ള ഒരു കരത്തിന്റെ അഭാവമാണതിന്റെ ആയുസ്സിന്റെ ഗ്യാരണ്ടി. അങ്ങനെയൊരു കരമുണ്ടായില്ലെങ്കിലും കാലാന്തരത്തിൽ മൂടുചീഞ്ഞ് അത് സ്വയം വീണുപോകും. جثة ൽ നിന്നുള്ള ക്രിയയാണ് ٱجْتُثَّتْ. ജീവൻ പറിച്ചെടുക്കപ്പെട്ട ജന്തു ജഢമാണ് ഭാഷാർഥത്തിൽ جثة. പിഴുതെറിഞ്ഞു, സമൂലം നശിപ്പിച്ചു എന്ന അർഥത്തിൽ اجتثّ ഉപയോഗിക്കുന്നു. സ്ഥിരവും സ്വസ്ഥവുമായ നിലനിൽപാണ് قَرَارٍ. ക്ഷുദ്രവൃക്ഷം എളുപ്പത്തിൽ പിഴുതെറിയപ്പെടുന്നതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുകയാണ് مَا لَهَا مِن قَرَارٍ എന്ന വാക്യം. തീർപ്പ്, സ്ഥിരവാസം, ഉറച്ചുനിൽപ്, അടിത്തട്ട് എന്നെല്ലാം قَرَارٍ ന് അർഥമുണ്ട്. സ്ഥിരവും സ്വസ്ഥവുമായ നിലനിൽപിന് استقرار ആണ് സാധാരണ ഉപയോഗിക്കാറുള്ളത്. അതാണ് ഇവിടെ ഉദ്ദേശ്യം. ക്ഷുദ്ര വൃക്ഷത്തിന് മണ്ണിൽ ആഴ്ന്നിറങ്ങിയ വേരുകളില്ലാത്തതിനാൽ സുസ്ഥിരമായ നിലനിൽപില്ല. അതുകൊണ്ടുതന്നെ അന്തരീക്ഷത്തിൽ കൊമ്പുകളും ചില്ലകളുമില്ല. ജാഹിലീ തത്ത്വശാസ്ത്രങ്ങൾക്കു ബുദ്ധിപരമോ പ്രകൃതിപരമോ ആയ ആധാരങ്ങളില്ലാത്തതിനാൽ ദീർഘകാലം നിലനിൽക്കാനോ ഗുണഫലങ്ങളുളവാക്കാനോ കഴിയുകയില്ല. ചരിത്രത്തിൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. ഇതഃപര്യന്തമുള്ള മാനവചരിത്രത്തിൽ എണ്ണമറ്റ ദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉടലെടുത്തിട്ടുണ്ട്. പലതും ചരിത്രത്തിൽ നിന്നുപോലും മാഞ്ഞുപോയി. ചിലത് ചരിത്രത്തിൽ മാത്രം അവശേഷിക്കുന്നു. ലോകത്തിന്റെ മോചന മന്ത്രമായി രംഗപ്രവേശം ചെയ്യുകയും പല രാജ്യങ്ങളുടെയും സാമൂഹിക വ്യവസ്ഥിതിക്കാധാരമായിത്തീരുകയും ചെയ്ത കമ്യൂണിസം പോലും ഏതാനും ദശകങ്ങൾക്കകം കടപുഴകി വീണിരിക്കുന്നു. മറ്റു പല തത്ത്വശാസ്ത്രങ്ങളുടെയും വാഹകരെപ്പോലെ കമ്യൂണിസത്തിന്റെ വക്താക്കളും ഇന്ന് ചുമന്നുനടക്കുന്നത് അതിന്റെ മൃതജഡം- جثة ആണ്.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഖുറൈശികൾക്കിടയിൽ വിഗ്രഹാരാധനയുടെയും ബഹുദൈവ വിശ്വാസത്തിന്റെയും കടപുഴകിയിട്ടുണ്ടായിരുന്നു. ആർജവവും ആത്മധൈര്യവുമുള്ള പലരും ഇസ്‌ലാമിലേക്ക് മാനസാന്തരപ്പെട്ടുകൊണ്ടിരുന്നു. സാധാരണക്കാരിൽ പലരും ഇസ്‌ലാമിലേക്ക് വരാൻ മടിച്ചു നിന്നത് അതിന്റെ യാഥാർഥ്യം ബോധ്യപ്പെടാത്തതുകൊണ്ടായിരുന്നില്ല; തങ്ങൾ ആശ്രയിക്കുന്ന മുതലാളിമാരെയും പ്രമാണിമാരെയും ഭയന്നായിരുന്നു. മുഹമ്മദീയ പ്രബോധനം സത്യവിരുദ്ധമാണെന്ന് കരുതിയിട്ടായിരുന്നില്ല മുതലാളിമാരും പ്രമാണിമാരും അതിനെ എതിർത്തിരുന്നത്. സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാർഥ താൽപര്യങ്ങളായിരുന്നു അവർക്കു തടസ്സം. ഇസ്‌ലാം സത്യമതമാണെന്ന് നന്നായി ബോധ്യപ്പെട്ടിട്ടും പൂർവപിതാക്കളുടെ മതം വെടിഞ്ഞ ഒരു മതപരിവർത്തിതനായി അറിയപ്പെടാൻ ഇഷ്ടപ്പെടാത്തതുകൊണ്ടാണ് ചിലർ അതിൽ നിന്നു മാറി നിന്നത്. വിഗ്രഹാരാധനയിൽ യഥാർഥ വിശ്വാസമുള്ളവർ അക്കൂട്ടത്തിൽ നന്നെ വിരളമായിരുന്നു. എങ്കിലും ആ വിശ്വാസത്തിന്റെ ജഡം -جثة- പേറി നടക്കുകയായിരുന്നു എല്ലാവരും. ഈ സാഹചര്യത്തിൽ ഖുറൈശികളുടെ ബഹുദൈവവിശ്വാസപരമായ തത്ത്വശാസ്ത്രത്തെ പ്രത്യേകം സൂചിപ്പിച്ചുകൊണ്ടാണ് ക്ഷുദ്രവൃക്ഷത്തെ ٱجْتُثَّتْ مِن فَوْقِ ٱلْأَرْضِ (ഭൂമിയുടെ ഉപരിതലത്തിൽനിന്ന് പിഴുതെടുക്കപ്പെട്ടത്) എന്ന് ഭൂതകാല ക്രിയയിൽ പരാമർശിച്ചത്. ദൈവികമായ വെളിപാടിന്റെ, വേദപ്രമാണങ്ങളുടെയും ബുദ്ധിയുടെയും പ്രകൃതിയുടെയും പിൻബലമില്ലാത്ത എല്ലാ കൃത്രിമ ദർശനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. അജ്ഞതകൊണ്ടോ തെറ്റിദ്ധാരണ കൊണ്ടോ ആദ്യം കുറെ ആളുകളെ അതാകർഷിക്കുന്നു. കാലക്രമത്തിൽ അജ്ഞതയും തെറ്റുധാരണകളും മാറുമ്പോൾ അവരതിൽ നിന്നു പിന്തിരിയുകയും ചെയ്യും. പക്ഷേ, ചില വ്യാജ ദർശനങ്ങളുടെ പൊള്ളത്തരം വ്യക്തമാകാൻ നീണ്ടകാലം വേണ്ടിവരും. അപ്പോഴേക്കും അതിന്റെ വക്താ

ക്കളുടെയും നേതാക്കളുടെയും നിക്ഷിപ്ത താൽപര്യങ്ങൾ അതുമായി കെട്ടുപിണഞ്ഞിരിക്കും. അതുകൊണ്ട് പിന്നീട് പൊള്ളയാണെന്ന് തെളിഞ്ഞാലും ആ ആദർശവും പ്രസ്ഥാനവും ഉപേക്ഷിക്കുക അവർക്കു ബുദ്ധിമുട്ടാകും. അത്തരക്കാർ ചത്ത ഡോഗ്മയുടെ ജഡവുമായിത്തന്നെ മുന്നോട്ടു പോകാൻ ശ്രമിച്ചു കൊണ്ടിരിക്കും.

**27:** മണ്ണിൽ വേരുകളുറപ്പിച്ചതും മാനത്ത് ശാഖകൾ പടർത്തിയതുമെന്ന് വർണിക്കപ്പെട്ട കലിമതുത്തൗഹീദ് അഥവാ ഇസ്‌ലാമിക ദർശനം തന്നെയാണ് ٱلْقَوْلِ ٱلثَّابِتِ- സ്ഥിരവചനം. ഈ വചനത്തിൽ ഉറച്ചു നിൽക്കാനുള്ള ഉതവി ലഭിക്കാൻ സത്യവും ധർമവും കൈക്കൊള്ളാനും അനുകരിക്കാനും സ്വയം സന്നദ്ധതയുണ്ടാവണം. അല്ലാത്തവർക്ക് കലിമതുത്ത്വയ്യിബഃ അറിഞ്ഞാലും അതിൽ ഉറച്ചു നിൽക്കാൻ കഴിയില്ല. അതുള്ളവരുടെ പാദങ്ങളെ ഈ വചനം ഏതു പ്രതിസന്ധിയിലും സത്യത്തിലും ധർമത്തിലും ഉറപ്പിച്ചു നിർത്തുകയും ഇഹത്തിലും പരത്തിലും വെളിച്ചം നൽകുകയും ചെയ്യുന്നു. ഭൗതിക ജീവിതത്തിൽ ജീവിത വ്യവഹാരങ്ങൾ ധർമനിഷ്ഠയോടെ, സത്യസന്ധമായി, നീതിപൂർവം നിർവഹിക്കാനുള്ള വെളിച്ചം. പരലോകത്ത് ദൈവപ്രീതിയുടെയും ശാശ്വത സ്വർഗത്തിന്റെയും വെളിച്ചം. സുസ്ഥിര വചനത്താൽ വിശ്വാസികളെ പരലോകത്ത് അല്ലാഹു ഉറപ്പിച്ചു നിർത്തുമെന്നു പറയുന്നതിന്റെ താൽപര്യം, ഖബ്റിൽ വെച്ച് മലക്കുകൾ ചോദ്യം ചെയ്യുമ്പോൾ ഒട്ടും പതറാതെ ഇസ്‌ലാമിക ദർശനത്തിലധിഷ്ഠിതമായ ഉത്തരങ്ങൾ നൽകുമെന്നാണെന്ന് ധാരാളം പൂർവിക മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. മരിച്ച മനുഷ്യൻ മറമാടപ്പെട്ടാലുടനെ മുൻകർ, നകീർ എന്നീ രണ്ടു മലക്കുകൾ ഖബ്റിൽ വന്ന് മരിച്ചവരോട് നിന്റെ റബ്ബാര്, നബിയാര്, വേദമേത് എന്നൊക്കെ ചോദിക്കുമെന്നും യഥാർഥ സത്യവിശ്വാസി അതിനെല്ലാം നിസ്സങ്കോചം ഉറച്ച മറുപടി നൽകുമെന്നും പല ഹദീസുകളിൽ പറയുന്നുണ്ട്. അവിശ്വാസിയും കപടവിശ്വാസിയും ആ ചോദ്യങ്ങൾക്ക് മുമ്പിൽ പതറുകയും ശരിയായ ഉത്തരം പറയാനാവാതെ കുഴങ്ങുകയും ചെയ്യും. സദ്‌വചനത്തിന്റെ വാഹകൻ പരലോകത്ത് ആ വചനത്തിൽ ഉറച്ചു നിൽക്കുന്നതിന്റെ ഒരു രൂപം തന്നെയാണിതെങ്കിലും ഇതുമാത്രമാണ് പ്രകൃത വാക്യത്തിന്റെ ഉദ്ദേശ്യമെന്ന് വിചാരിക്കേണ്ടതില്ല. യഥാർഥ സത്യവിശ്വാസം ഐഹിക ജീവിതത്തിലും പാരത്രിക ജീവിതത്തിലും അതിന്റെ വാഹകർക്ക് ഊന്നുവടിയും വെളിച്ചവുമായി വർത്തിക്കാൻ അല്ലാഹു ഉതവിയരുളുന്നു എന്നാണ് വിശാലമായ വചന താൽപര്യം.

يُضِلُّ ٱللَّهُ ٱلظَّٰلِمِينَ യുടെ ഭാഷാർഥം അക്രമികളെ അല്ലാഹു വഴിതെറ്റിക്കുന്നു എന്നാണ്. അക്രമികളുടെ പ്രവർത്തനങ്ങളെ അല്ലാഹു നിഷ്ഫലമാക്കുന്നു എന്നുമാവാം. സൂറ *മുഹമ്മദി*ൽ ഇങ്ങനെ പറയുന്നുണ്ട്:

ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ أَضَلَّ أَعْمَٰلَهُمْ

(സത്യം നിഷേധിക്കുകയും ദൈവിക സരണിയിൽനിന്ന് ജനങ്ങളെ തടയുകയും ചെയ്തവരുടെ പ്രയത്നങ്ങൾ അല്ലാഹു നിഷ്ഫലമാക്കി). ഒരർഥത്തിൽ ഒരാളുടെ വഴിതെറ്റലും അയാളുടെ പ്രവർത്തനങ്ങൾ പാഴായിപ്പോകൽ തന്നെയാണ്. ഇവിടെ ظالمين കൊണ്ടുദ്ദേശ്യം ബഹുദൈവാരാധകരാണെന്നും പ്രബലമായ അഭിപ്രായമുണ്ട്. ബഹുദൈവാരാധനയെ ഖുർആൻ വലിയ അധർമം -ظلم عظيم- എന്നു വിശേഷിപ്പിക്കുന്നുണ്ടല്ലോ. എങ്കിലും അധർമികൾ -ظالمون- ബഹുദൈവാരാധകർ മാത്രമല്ല. അവരും സത്യദൈവത്തെയും അവന്റെ ധർമശാസനകളെയും നിഷേധിക്കുകയും ജാഹിലിയ്യാ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുലർത്തുകയും ചെയ്യുന്ന എല്ലാവരും ظالمون ൽ ഉൾപ്പെടുന്നു. നേരത്തെ 18-ാം സൂക്തത്തിൽ കർമങ്ങൾ പാഴായിപ്പോകുന്നവരെ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ (തങ്ങളുടെ വിധാതാവിനെ നിഷേധിച്ചവർ) എന്നും സൂറ *ഫുർഖാനിൽ* ٱلَّذِينَ كَفَرُوٓا۟ (സത്യധർമങ്ങൾ നിഷേധിച്ചവർ) എന്നുമാണ് വിളിച്ചിട്ടുള്ളത്.

അല്ലാഹു അവനിഛിക്കുന്നതു പ്രവർത്തിക്കുന്നു وَيَفْعَلُ ٱللَّهُ مَا يَشَآءُ എന്നതിന്റെ താൽപര്യം, അല്ലാഹു യാതൊരു വ്യവസ്ഥയും ക്രമവുമില്ലാതെ അപ്പപ്പോൾ തോന്നുന്നതൊക്കെ ചെയ്തു കൊണ്ടിരിക്കുന്നു എന്നല്ല. പ്രത്യുത അല്ലാഹുവിന്റെ നടപടികളുടെ നിയമങ്ങളും വ്യവസ്ഥകളും അവൻ തന്നെ നിശ്ചയിച്ചതാണ്, മറ്റാർക്കും അതിൽ ഒരു സ്വാധീനവുമില്ല. അതുകൊണ്ട് അവന്റെ നടപടികൾ തടയുകയോ ഭേദഗതി ചെയ്യുകയോ ആരാലും അസാധ്യമാകുന്നു. അന്ധവിശ്വാസികൾ പൂജിക്കുന്ന ദേവീദേവന്മാരുടെയോ പുണ്യാത്മാക്കളുടെയോ ശിപാർശകളൊന്നും അവരെ തുണക്കാൻ പോകുന്നില്ല. അവന്റെ ഇഛകൾ സമ്പൂർണമായി നീതിയിലും യുക്തിയിലും അധിഷ്ഠിതമാകുന്നു. വിമർശനങ്ങൾക്കും തിരുത്തുകൾക്കുമെല്ലാം അതീതമാണത്. ■